# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. നഗരകാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രി സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.02.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം ഇതുവരെ ആകെ 3346.60 കോടി രൂപ ചെലവഴിച്ചു. ഇത് ചെലവിന്റെ 46ശതമാനമാണ്. ഗ്രാമപഞ്ചായത്തുകൾ 1924.38 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 425.40 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 507.87കോടി രൂപയും മുനിസിപ്പാലിറ്റികൾ 289.75കോടി രൂപയും കോർപ്പറേഷനുകൾ 199.19കോടി രൂപയും ആണ് ചെലവഴിച്ചത്.

വികസനഫണ്ടിനത്തിൽ ആകെ 2294.63 കോടി രൂപ (42.22 ശതമാനം)യും ഗ്രാമപഞ്ചായത്തുകൾ 1264.69 കോടിരൂപ (45.33 ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ 353.34 കോടി രൂപ (52.14 ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ 235.56കോടി രൂപയും,(**38.02** ശതമാനം) മുനിസിപ്പാലിറ്റി 208.98കോടി രൂപ (40.20ശതമാനം) കോർപ്പറേഷനുകൾ 142.4 കോടി രൂപ (28 ശതമാനം) യും ചെലവഴിച്ചതായും കാണപ്പെട്ടു.

**2.2** നടപ്പു സാമ്പത്തിക വർഷത്തെ (2014-15) അടങ്കലിനെക്കാൾ 10 ശതമാനം അധിക അടങ്കൽ വകയിരുത്തി. അടുത്ത സാമ്പത്തിക വർഷത്തെ (2015-16) പദ്ധതി തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ചു തീരുമാനിച്ചു. അതനുസരിച്ച് വാലിഡേഷൻ നടപടി പൂർത്തീകരിക്കാൻ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകി. 2015-16 ലെ സംസ്ഥാന ബഡ്ജറ്റ് വകയിരുത്തലിന് വിധേയമായി ആവശ്യമായ മാറ്റങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വരുത്തേണ്ടതാണ്.

**2.3** ബഡ്ജറ്റ് വിഹിതത്തിന് അധികമായി 470 കോടി രൂപയുടെ കൂടി പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ അനുവാദം നൽകിയ സാഹചര്യത്തിൽ ജവഹർ ഭവന പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വാർഡിൽ ഒരു വീട് വീതം പ്ലാൻ ഫണ്ടോ തനത് ഫണ്ടോ ഉപയോഗിച്ച് ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.4** ഐ.എ.വൈ.യുമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുത്ത് വെറ്റിംഗ് നടത്തിയിരുന്നു. എന്നാൽ ത്രിതല പഞ്ചായത്തുകൾ ഐ.എ.വൈ.യ്ക്ക് നിർബന്ധമായും വകയിരുത്തേണ്ട വിഹിതം ഉറപ്പാക്കേണ്ടതിനാൽ മേലിൽ അത്തരം പ്രോജക്ടുകൾ ഗ്രാമവികസന കമ്മീഷണർക്ക് അയച്ചുകൊടുത്ത് വെറ്റിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു.

**2.5** സ്രോതസ്സ് കണ്ടെത്തിയിട്ടില്ലാത്ത ഫണ്ടുകൾ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ ശേഷിക്കുന്നു എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.6** വിദേശത്ത് ജോലി ചെയ്തിരുന്നവരും ഇപ്പോൾ ജോലി ഇല്ലാത്തവരുമായ വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് റേഷൻ കാർഡിൽ എൻ.ആർ.ഐ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പേരിൽ മാത്രം ആനുകൂല്യങ്ങൾ നിഷേധിക്കരു തെന്നും വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ആനുകൂല്യം നൽകാമെന്നും തീരുമാനിച്ചു.

**2.7** നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുക എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് വകയിരുത്താൻ അനുവദിച്ച സാഹചര്യത്തിൽ പ്രസ്തുത 10% നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് തുക ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചു തീരുമാനിച്ചു.

**2.8** നഗരസഭകളും ഗ്രാമപഞ്ചായത്തുകളും 2015 മാർച്ച് 31വരെ പിഴപലിശ കൂടാതെ നികുതി കുടിശ്ശിക സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ഇത് ഒറ്റത്തവണത്തേക്ക് മാത്രമായിരിക്കണമെന്നും നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.116210/ഡി.എ2/15/തസ്വഭവ**

2014–15 വർഷത്തെ പ്രത്യേക ഘടക പദ്ധതിയുടെ നിർവഹണ ഓഫീസർമാരായി അസിസ്റ്റന്റ് സെക്രട്ടറി, വിഇ.ഒ എന്നിവരെ നിശ്ചയിച്ച് നടപ്പിലാക്കാൻ പ്രത്യേക അനുവാദം ആവശ്യപ്പെട്ടതിൽ നിലവിലെ വ്യവസ്ഥ തുടരേണ്ടതാണെന്നും 28.01.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.2 തീരുമാനം അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഏഴിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 10471/ഡി.എ2/തസ്വഭവ)**

ഏഴിക്കര ഗ്രാമപഞ്ചായത്തിലെ 50000 രൂപയിൽ കറവ് വാർഷിക വരുമാനമുള്ള എസ്.സി. മത്സ്യ തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഗിൽനെറ്റ് വല വാങ്ങി നൽകാൻ അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം 116197/ഡി.എ2/15/തസ്വഭവ)**

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്ലസ് 2 കഴിഞ്ഞ മുഴുവൻ എസ്.സി. വിദ്യാർത്ഥി കൾക്കും ലാപ് ടോപ് നൽകാൻ 6 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ട് നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് നടപ്പാക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഇ– 97406/ഡി.ഡി.2/14/തസ്വഭവ)**

വനിത സ്വയം സഹായ സംഘങ്ങൾക്ക് ആടു വളർത്തൽ എന്ന പ്രോജക്ട് ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്കായി നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.2123/ഡി.ബി.3/15/തസ്വഭവ)**
**(ഫയൽ നം.875/ഡി.ബി.1/15/തസ്വഭവ)**

മുട്ടം സി.എച്ച്.സി.യ്ക്ക് ആംബുലൻസ് വാങ്ങി നൽകണമെന്ന ആവശ്യത്തിൽ ആവശ്യാനുസരണം ആംബുലൻസ് വാടകയ്ക്കെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വെട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.11623/ഡി.എ2/15/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ വനിത കൾക്ക് ആടു നൽകൽ (ജനറൽ) മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ച് പ്രോജക്ട് ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7. കുമ്പള ഗ്രാമപഞ്ചായത്ത്**

**(ബഹു. മഞ്ചേശ്വരം എം.എൽ.എ ശ്രീ. പി.കെ. അബ്ദുൾ റസാക്ക് മുഖേന)**

ഗ്രാമപഞ്ചായത്തിലെ അഞ്ച് പ്രധാന സ്ഥാനങ്ങളിൽ 12 ലക്ഷം രൂപ ചെലവിൽ ജംഗ്ഷൻ ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ 142 അംഗൻവാടികളിൽ 2014-15 വർഷം 10 ലക്ഷം രൂപയും 2015-16 വർഷം 5 ലക്ഷം രൂപയും വകയിരുത്തി ഗ്യാസ് കണക്ഷൻ നൽകുന്നതിനുള്ള ബഹുവർഷ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കുറ്റിപ്പുറം സി.എച്ച്.സി.യിൽ മാലിന്യ സംസ്കരണ ത്തിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

കേരള ഗ്രാമീൺ ബാങ്ക് വളാഞ്ചേരി ശാഖയിൽ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിഷ്ക്രിയ മായി കിടക്കുന്നതും സ്രോതസ്സ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ 21.26 ലക്ഷം രൂപ ഐ.എ.വൈ. പദ്ധതിക്ക് ഉപയോഗിക്കാൻ ആവശ്യപ്പെട്ടത് പ്രത്യേക കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പരിധിയിലെ പട്ടികജാതിക്കാരായ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മൂന്നിലവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഇ 116097/ഡി.എ2/15/തസ്വഭവ)**

ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് പ്രദേശത്തെ എയ്ഡഡ് സ്ക്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകാനുള്ള ആവശ്യം പരിഗണനാർഹമല്ലെന്ന് തീരമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

പട്ടിക വർഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

അകലെയുള്ള സ്രോതസ്സിൽ നിന്ന് പട്ടികവർഗ കുടുംബങ്ങൾക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് പ്ലാസ്റ്റിക് ടാങ്ക് വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

പട്ടികവർഗ വിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശത്ത് ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് ഒരു ബസ് വാങ്ങി സർവീസ് നടത്താൻ അനുമതി ആവശ്യപ്പെട്ടത് പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16. മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

പട്ടികവർഗക്കാർക്ക് അവർ ഗ്യാസ് ഏജൻസി യിൽ ഡിപ്പോസിറ്റ് ചെയ്ത തുക സബ്സിഡിയായി നൽകാൻ അനുമതി ആവശ്യപ്പെട്ടത് പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17. മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

ശാരീരിക മാനസിക വെല്ലുവളികൾ നേരിടുന്നവർക്ക് പെട്രോൾ ഇന്ധനമായുള്ള സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്നതിന് ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ചെമ്മരുതി ഗ്രാമപഞ്ചായത്ത്**

വി.ഇ.ഒ.യുടെ ടി.എസ്.സി. അക്കൗണ്ടിൽ ബാങ്കിൽ നിൽക്കുന്ന 9.48 ലക്ഷം രൂപ വിനിയോഗിച്ച് പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചെമ്മരുതി ഗ്രാമപഞ്ചായത്ത്**

ആട് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് മാർഗരേഖയിലെ മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 (എ) പന്മന ഗ്രാമപഞ്ചായത്ത്**

**(ബി) തേവലക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം68988/ഡി.ബി.1/14 തസ്വഭവ )**

പൊതു വിഷയം 2.6 ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3921/എഫ്.എം.3/15)**

പൊതുവിഷയം 2.7 ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണികൾ വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

പട്ടികജാതിക്കാർക്കായുള്ള ഭവന പുനരുദ്ധാരണത്തിന് പട്ടികജാതി വികസന വകുപ്പ് 50000 രൂപ നൽകുന്നെങ്കിലും പഞ്ചായത്തുകൾ 25000 രൂപയാണ് സബ്സിഡിയായി നൽകുന്നത്. തുക ഉയർത്തണമെന്ന ആവശ്യം വിശദമായ ചർച്ചയ്ക്കായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 97653/ഡി.എ2/14/തസ്വഭവ)**

ജനകീയ ജൈവ വൈവിദ്ധ്യ പഠനകേന്ദ്രം ആർട്ട് ഗ്യാലറി (അടങ്കൽ 6.10 ലക്ഷം രൂപ ), ശാന്തിസ്ഥൽ കവാട നിർമ്മാണം (അടങ്കൽ 1.50 ലക്ഷം രൂപ) എന്നീ രണ്ടു പ്രോജക്ടുകൾക്ക് പ്രോജക്ടിൽ ഉൾപ്പെട്ട തുക അംഗീകരിച്ചു നൽകണമെന്ന ആവശ്യത്തിന്മേൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ശുചിത്വ മിഷന്റെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2014-15 മുതൽ വിഹിതം നൽകണമെന്ന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന യോഗം ചർച്ച ചെയ്യുകയും ശുചിത്വ മിഷനെ സാങ്കേതിക സഹായത്തിനായി സമീപിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മാത്രം കൺസൾട്ടൻസി ചാർജ് എന്ന നിലയിൽ തുക ഈടാക്കി മിഷന്റെ ഭരണ ചെലവ് കണ്ടെത്തുന്നതായിരിക്കും ഉചിതം എന്നു നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് നഗരകാര്യ, പഞ്ചായത്ത് ഡയറക്ടർമാർ ശുപാർശ സമർപ്പിക്കുന്നതനുസരിച്ച് കൺസൾട്ടൻസി ചാർജ് നിശ്ചയിക്കാവുന്നതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 വേങ്ങര ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് 02.12.2014 നു മുമ്പ് ഇൻസിനേറ്റർ സ്ഥാപിച്ചു കഴിഞ്ഞു എന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആയതിന്റെ ബിൽ തുക നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മുനിസിപ്പൽ ചേമ്പർ ചെയർമാന്റ് കത്ത്**

പൊതു വിഷയം 2.8 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 മുനിസിപ്പൽ ചേമ്പർ ചെയർമാന്റ് കത്ത്**

സംസ്ഥാന വനിത വികസന കോർപ്പറേഷൻ ശുദ്ധജല വിതരണം നടത്തുന്നതിന് ആരംഭിച്ച പദ്ധതി നഗരസഭാ പ്രദേശങ്ങളിൽ കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കളമശ്ശേരി മുനിസിപ്പാലിറ്റി**

നിർമ്മാണം പൂർത്തീകരിച്ച എസ്.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒരു ഭാഗം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് വാടകയ്ക്ക് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത്, വാടകയിനത്തിൽ കിട്ടുന്ന തുക പട്ടികജാതി ക്ഷേമ പ്രവർത്തനത്തിനായി വിനിയോഗിക്കണമെന്ന നിബന്ധനയോടെ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ചേർപ്പ് ഗ്രാമപഞ്ചായത്ത്**

ശ്രീമതി കോരപ്പത്ത് ബേബി സമർപ്പിച്ച അപേക്ഷയിന്മേൽ വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷ അടുത്ത യോഗത്തിൽ പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ഏലൂർ മുനിസിപ്പാലിറ്റി**

എസ്.സി. കോളനിയിലെ മുഴുവൻ വീടുകൾക്ക് ഇടഭിത്തിയും ഗേറ്റും സ്ഥാപിക്കുന്നതിനും പഴയ വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതുമായ പ്രോജക്ടുകൾ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ക്ലീൻ കേരള കമ്പനി ലിമിറ്റഡ്**

നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കാതെ കിടപ്പുള്ള തുകയിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ 1 കോടി രൂപ വരെയും മുനിസിപ്പാലിറ്റികൾ 50 ലക്ഷം രൂപവരെയും ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ ഷെയർ വാങ്ങാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ**

കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പയെടുത്തതിന്റെ തിരിച്ചടവ് പ്ലാൻ ഫണ്ടിൽ മിച്ചം വന്ന തുക ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 മാർച്ച് 4ന് രാവിലെ 8മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***